കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന നിധി - കരുനാഗപ്പള്ളി നിയോജക മണ്ഡലം - തഴവ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് കെട്ടിട നിർമ്മാണം ഈ സാമ്പത്തിക വർഷത്തേയ്ക്ക് ഭരണാനുമതി ദീർഘിപ്പിച്ച നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

## ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(സാധാ.)നം.4564/2019/ധന. തിരുവനന്തപുരം, തീയതി 15/06/2019.

**പരാമർശം :** 1) സ.ഉ(സാധാ)നം.504/2016/ത.സ്വ.ഭ.വ. തീയതി 08/02/2016.
2) സ.ഉ(സാധാ)നം.119/2018/ധന. തീയതി 04/08/2018.
3) ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് 20/03/2019 ൽ ബഹു. കരുനാഗപ്പള്ളി എം.എൽ.എ ശ്രീ. ആർ. രാമചന്ദ്രൻ നൽകിയ കത്ത്.

## ഉത്തരവ്

2014-15 സാമ്പത്തിക വർഷം നിയോജകമണ്ഡല ആസ്തി വികസന നിധിയിൽ നിന്ന് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തഴവ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് കെട്ടിട നിർമ്മാണത്തിന് 5 കോടി രൂപയുടെ ഭരണാനുമതി സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

സൂചന (1) പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ച തഴവ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന്, ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ കഴിയാത്തതിനാൽ സൂചന (3) ലെ കത്തിലൂടെ ഭരണാനുമതിയുടെ കാലാവധി ദീർഘിപ്പിച്ച നൽകണമെന്ന് ബഹു. എം.എൽ.എ ആവശ്യപ്പെട്ടിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. കരുനാഗപ്പള്ളി മുൻ എം.എൽ.എ ശ്രീ. സി. ദിവാകരൻ അവർകളുടെ 2014-15 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തഴവ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് സൂചന (1) പ്രാകാരം പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിന് സൂചന (2)ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ ഇളവ് വരുത്തി നിലവിലെ ഭരണാനുമതി നടപ്പുവർഷത്തേയ്ക്ക് (2019-20) കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. നരേന്ദ്രൻ പിള്ള**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5. ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം.
6. തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.
7. ശ്രീ. ആർ. രാമചന്ദ്രൻ, ബഹു. കരുനാഗപ്പള്ളി എം.എൽ.എ, കളത്തിൽ വീട്, കല്ലേലിഭാഗം പി.ഒ, കരുനാഗപ്പള്ളി - 690519
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (1152238/NC-B2/24/2019/Fin)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**